പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6272 07.11.2016-ലെ മറുപടിക്ക്

## സ്ക്രാപ്പ് അടിസ്ഥാനത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസുകൾ

ചോദ്യം

ശ്രീ. എം. രാജഗോപാലൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാഞ്ഞങ്ങാട്, കാസർഗോഡ്, പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും സ്ക്രാപ്പ് അടിസ്ഥാനത്തിൽ എത്ര ബസ്സുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 01/06/2011-ന് ശേഷം കാഞ്ഞങ്ങാട്, കാസർഗോഡ്, പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ യഥാക്രമം 20, 26, 21 ബസുകൾ സ്ക്രാപ്പ് അടിസ്ഥാനത്തിൽ നിരത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | ഇവയ്ക്ക് പകരം പുതിയ എത്ര ബസ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | 01/06/2011-നു ശേഷം കാഞ്ഞങ്ങാട്, കാസർഗോഡ്, പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ യഥാക്രമം 18 എണ്ണം, 63 എണ്ണം, 24 എണ്ണം പുതിയ ആർ.ടി.സി ബസുകളും കൂടാതെ യഥാക്രമം 5 എണ്ണം, 4 എണ്ണം, 4 എണ്ണം പുതിയ ജൻറം ബസുകളും അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏർപ്പെടുത്തിയ ഷെഡ്യൂളുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് യൂണിറ്റിൽ നിന്നും 1510 മണി കാഞ്ഞങ്ങാട് - കാസർഗോഡ് - പയ്യന്നൂർ - ചിറ്റാരിക്കൽ, 0600 മണി കാഞ്ഞങ്ങാട്-കാസർഗോഡ് (ജൻറം) സർവ്വീസും, പയ്യന്നൂർ യൂണിറ്റിൽ നിന്നും 0625 മണി പയ്യന്നൂർ - കണ്ണൂർ (ജൻറം), 0735 മണി പയ്യന്നൂർ - മാലോം എന്നീ സർവ്വീസുകൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ